LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതുസംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിക്കോ, സഹകരണ സംഘത്തിനോ ഒരു വർഷത്തിൽ 50 ടൺ കളിമണ്ണ് എടുക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

(ബി) പരമ്പരാഗത കളിമൺപാത്ര നിർമ്മാണ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106(5) പ്രകാരം പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെടുന്ന ഒരു വ്യക്തിയോ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയോ ഒരു വർഷത്തിൽ സംഭരിക്കുന്ന 50 ടൺ കളിമണ്ണ് നീക്കം ചെയ്യുന്നതിന് റോയൽറ്റി ഈടാക്കാതെ സ്പെഷ്യൽ ട്രാൻസിറ്റ് പാസ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പാസ് അനുവദിക്കുന്നതിന് പാരിസ്ഥിതികാനുമതി, ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം തുടങ്ങിയ രേഖകൾ ആവശ്യമില്ലാത്തതാണ്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

**പടിയൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഐ.റ്റി.ഐ.**

228 (929) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഐ.റ്റി.ഐ. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) പുതിയ ഐ.റ്റി.ഐ.-യിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഓരോ കോഴ്സിനും എത്ര ബാച്ചുകൾ വീതമുണ്ട്; ഓരോ ബാച്ചിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കും;

(ഡി) പുതിയ ഐ.റ്റി.ഐ. ആരംഭിക്കുന്നതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എത്ര തസ്തികകൾ ; ഏതെല്ലാം;

(ഇ) പുതിയ ഐ.റ്റി.ഐ. ആരംഭിക്കുന്നതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചില്ലെങ്കിൽ, അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കണ്ണൂർ ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, ആയത് പരിശോധിച്ച് ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി-ഇ) സാധ്യതാ പഠന റിപ്പോർട്ട് പരിശോധിച്ച് അവിടെ ലഭ്യമായ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തിയശേഷം കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## ക്ഷേമനിധി പെൻഷൻ കുടിശ്ശിക

229 (930) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ ക്ഷേമനിധി പെൻഷനുകളിൽ എത്ര കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്ന് പറയാമോ;

(ബി) ഇതുവരെ ഏതുമാസം വരെയുള്ള പെൻഷനുകൾ നൽകിയിട്ടുണ്ടെന്ന് പറയാമോ;

(സി) പെൻഷനുകൾ വിതരണം വൈകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ തൊഴിൽ വകുപ്പ് നേരിട്ട് വിതരണം നടത്തുന്ന അസംഘടിത തൊഴിലാളി പെൻഷൻ 2015 ഏപ്രിൽ മുതൽ കുടിശ്ശികയുണ്ട്. മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ 2015 ആഗസ്റ്റ് മുതൽ കുടിശ്ശികയുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2015 മാർച്ച് മാസം വരെയുള്ള അസംഘടിത തൊഴിലാളി പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. 2015 ജൂലൈ വരെ മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ബോർഡുകൾക്ക് സർക്കാർ ഫണ്ടിൽ നിന്നാണ് പെൻഷൻ തുക അനുവദിക്കുന്നത്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.